## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1605 — 14-12-2012 - ലെ മറുപടിയ്ക്ക്

# ഇടുക്കി പാക്കേജും മണ്ണു സംരക്ഷണവും

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്

(എ) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് മണ്ണു പര്യവേഷണ മണ്ണു സംരക്ഷണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ 125714 ഹെക്ടർ പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് കേന്ദ്ര ഭൂവിഭവ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംയോജിത നീർമറി പരിപാലന പദ്ധതി (IWMP) യിൽ ഉൾപ്പെടുത്തി 5 ഘട്ടങ്ങളിലായി നടപ്പിലാക്കുവാനുള്ള നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന്റെ കേന്ദ്ര ഭൂവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 40.41 കോടി രൂപയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ ഒന്നാംഘട്ട പ്രവർത്തനങ്ങൾ 5 വർഷങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. അതനുസരിച്ച് ഒന്നാം വർഷത്തെ പ്രാരംഭ പ്രവർത്തനങ്ങളായ വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ (DPR), പരിശീലന പരിപാടികൾ എൻട്രിപോയിന്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒന്നാംഘട്ട പദ്ധതിയ്ക്ക് അനുവദിച്ച 40.41 കോടി രൂപയുടെ 6% ആയ 2.18 കോടി രൂപയ്ക്കുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.

പ്രകൃതി വിഭവപരിപാലന പ്രവർത്തനങ്ങൾ (NRMI), കാർഷികാനുബന്ധ ഉൽപാദന പ്രവർത്തനങ്ങൾ (PSM), ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ (LSS), എന്നിവയിലൂടെ രൂക്ഷമായ മണ്ണൊലിപ്പും വരൾച്ചയും തടയുവാനും, ഭൂഗർഭജല വിതാനം ഉയർത്തുവാനും

കാർഷികോൽപാദനം മെച്ചപ്പെടുത്തുവാനും, പദ്ധതി പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനവിഭാഗങ്ങളുടെയും, കർഷകരുടെയും ജീവിത നിലവാരം ഉയർത്തുവാൻ ഉതകത്തക്കതരത്തിൽ സ്വയം സഹായ സംഘങ്ങളും (SHG), ഉപയുക്ത സംഘങ്ങളും (UG) രൂപീകരിച്ച് ചെറുകിട സംരംഭത്തിൽകൂടി പ്രസ്തുത വിഭാഗങ്ങൾക്ക് വരുമാന വർദ്ധനവുണ്ടാക്കുവാനുള്ള പദ്ധതികളുമാണ് മണ്ണുസംരക്ഷണ വകുപ്പുവഴി ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി മണ്ണുപര്യവേഷണ, മണ്ണു സംരക്ഷണ വകുപ്പിന് ഓരോ സാമ്പത്തിക വർഷവും എന്തു തുക നീക്കിവച്ചു; എന്തു തുക അനുവദിച്ചു; വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഓരോ ഘട്ടത്തിലേയ്ക്കും കേന്ദ്ര സർക്കാർ അംഗീകരിച്ച തുകയും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | അംഗീകരിച്ച തുക (കോടി) | അനുവദിച്ച തുക (കോടി) |
|---|---|---|
| 2011-12 | 40.41 | 2.18 |
| 2012-13 | 38.89 | - |
| 2013-14 | 36.14 | - |
| 2014-15 | 34.96 | - |
| 2015-16 | 38.15 | - |

**സെക്ഷൻ ഓഫീസർ**